"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അമൃത് പദ്ധതിയിൻകീഴിൽ കൊച്ചി നഗരസഭ പ്രദേശത്തിനായി തയ്യാറാക്കിയ മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.**54/2024/LSGD** തീയതി,തിരുവനന്തപുരം, **22-05-2024**

---

പരാമർശം:-

1. **14.02.2023** തീയതിയിലെ സ.ഉ.(കൈ)നം.**49/2023**/തസ്വഭവ
2. **07.08.2023** തീയതിയിലെ സ.ഉ.(കൈ.)നം.**151/2023**/തസ്വഭവ
3. കൊച്ചി നഗരസഭ കൗൺസിലിന്റെ **16.12.2023** തീയതിയിലെ **1**-ാം നമ്പർ തീരുമാനം.
4. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) ന്റെ **23.02.2024** തീയതിയിലെ എൽ.എസ്.ജി.ഡി./പി.ഡി./**21169/2023**-ടിസിപിബി3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയുടെ കീഴിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഏരിയക്കു വേണ്ടി തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനിനു പരാമർശ ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകിയിരുന്നു. തുടർന്ന് ആക്ഷേപാഭിപ്രായങ്ങൾ സ്വീകരിക്കുന്നതിനുള്ള സമയ പരിധി **30** ദിവസം കൂടി (**25.07.2023** വരെ) ദീർഘിപ്പിച്ച് പരാമർശം (**2**) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(**2**) കരട് മാസ്റ്റർപ്ലാനിന്മേലുള്ള ആക്ഷേപനിർദ്ദേശങ്ങൾ പരിശോധിച്ച് മാസ്റ്റർപ്ലാൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട്, നഗരസഭ കൗൺസിൽ പരിശോധിക്കുകയും കരട് മാസ്റ്റർപ്ലാനിൽ ചില മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പരിഷ്കരിച്ച മാസ്റ്റർപ്ലാൻ, പരാമർശം (**3**) പ്രകാരം നഗരസഭ കൗൺസിൽ അംഗീകരിക്കുകയും അന്തിമ അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി. സമയ പരിധിയ്ക്ക് ശേഷം, അതായത് **25.07.2023** ന് ശേഷം ലഭ്യമായ എല്ലാ പരാതികളും

കൌൺസിൽ പരിഗണിച്ചിട്ടുള്ളതാണെന്നും, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36 (11) പ്രകാരം, ആക്ഷേപ/അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കുന്നതിന് സർക്കാരിന് അധികാരമുള്ളതിനാൽ, പ്രസ്തുത നടപടി സാധൂകരിക്കുന്നതിനായി പരാമർശം (4) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു. അമൃത് പദ്ധതിയുടെ കീഴിൽ കൊച്ചി നഗരസഭ പ്രദേശത്തിനായി തയ്യാറാക്കിയ കരട് മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(8) പ്രകാരം അന്തിമ അനുമതി നൽകാവുന്നതാണെന്നും പരാമർശം (4) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരട് മാസ്റ്റർപ്ലാനിന്മേൽ ആക്ഷേപനിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിലുണ്ടായ കാലതാമസം ആക്ടിന്റെ വകുപ്പ് 36(11) പ്രകാരം സാധൂകരിച്ചുനൽകിയും അമൃത് പദ്ധതിയിൻകീഴിൽ കൊച്ചി നഗരസഭ പ്രദേശത്തിനായി തയ്യാറാക്കിയ കരട് മാസ്റ്റർപ്ലാനിന്, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(8) പ്രകാരം അന്തിമ അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. മുഖ്യനഗരാസൂത്രനകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, തിരുവനന്തപുരം (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, കൊച്ചി നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
6. ഇൻഫർമേഷൻ ഓഫീസർ, ഐ. & പി.ആർ.ഡി., വെബ് & ന്യൂ മീഡിയ
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
സെക്ഷൻ ഓഫീസർ
Date: 10-06-2024 17:37:06